05 ഏപ്രിൽ 2026
വാല്യം. 36
ലക്കം. 06

മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla
on 05-04-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

എഫ്.സി.ആർ.എ ഭാരതസഭ

കുരിശിൽ

ഇത് ഭരണകൂട ഭീകരത. കുരിശ് അവസാനമല്ല



ന്യൂഡൽഹി: നിശ്ചിത സമയപരിധിക്കുള്ളിൽ എഫ്സിആർഎ (വിദേശ സംഭാവന നിയന്ത്രണ നിയമം) ലൈസൻസ് പുതുക്കി ലഭിക്കാതിരിക്കുകയോ റദ്ദായ ലൈസൻസ് പുനഃസ്ഥാപിക്കപ്പെടാതിരിക്കുകയോ ചെയ്താൽ സംഭാവന ഉപയോഗിച്ച് വികസിപ്പിച്ച ആസ്തികൾ കേന്ദ്ര സർക്കാരിന് സ്ഥിരമായി ഏറ്റെടുക്കാൻ വ്യവസ്ഥ വരുന്നു. വിദേശ സംഭാവന നിയന്ത്രണ നിയമത്തിൽ (എഫ്സിആർഎ) ഇതടക്കമുള്ള നിർണായക ഭേദഗതികൾ വരുത്താനുള്ള ബിൽ വരും ദിവസങ്ങളിൽ പാർലമെന്റിൽ അവതരിപ്പിക്കുമെന്നാണ് വിവരം. ഇത്തരത്തിൽ സ്ഥിരമായി ഏറ്റെടുക്കുന്ന ആസ്തികൾ കേന്ദ്രസർക്കാരിന് വിൽക്കുകയോ സർക്കാർ വകുപ്പുകൾക്ക് കൈമാറുകയോ ചെയ്യാം. വിറ്റുകിട്ടുന്ന പണം സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടും. ആസ്തിയുടെ യഥാർഥ ഉടമസ്ഥരേഖയില്ലാതെ പോലും സർക്കാരിന് ഇത് കൈമാറ്റം ചെയ്യാൻ അധികാരമുണ്ടാകും. നിലവിലെ നിയമത്തിൽ താൽക്കാലികമായി ഏറ്റെടുക്കാനും പ്രവർത്തിപ്പിക്കാനും മാത്രമാണ് അധികാരമുള്ളത്.

ഏറ്റെടുക്കുന്ന ആസ്തികളിൽ ആരാധനാലയങ്ങളുണ്ടെങ്കിൽ അതിന്റെ സ്വഭാവം മതപരമായ സ്വഭാവം മാറ്റില്ല. ഇവ പ്രവർത്തിപ്പിക്കാൻ നിശ്ചിതയാളുകളെ നിയോഗിക്കും. സർക്കാർ നിയോഗിക്കുന്ന പ്രത്യേക അതോറിറ്റിയാകും ഇവയെല്ലാം ചെയ്യുക. എഫ്സിആർഎ ലൈസൻസ് റദ്ദാക്കപ്പെടുക, സറണ്ടർ ചെയ്യുക, കാലഹരണപ്പെടുക തുടങ്ങിയ സാഹചര്യങ്ങളിലാണ് ആസ്തികൾ ഏറ്റെടുക്കുന്നത്.റദ്ദാക്കപ്പെടുകയോ സറണ്ടർ ചെയ്യപ്പെടുകയോ ചെയ്യുമ്പോൾ ആസ്തികൾ താൽക്കാലികമായി ഏറ്റെടുക്കാൻ മാത്രമാണ് നിലവിൽ വ്യവസ്ഥയുള്ളത്.

ആദ്യം താൽക്കാലികമായാണ് ഏറ്റെടുക്കുന്നതെങ്കിലും അതോറിറ്റി നിശ്ചയിക്കുന്ന നിശ്ചിത കാലാവധിക്കുള്ളിൽ ലൈസൻസ് പുനഃസ്ഥാപിക്കപ്പെട്ടില്ലെങ്കിൽ സർക്കാർ സ്ഥിരമായി ഏറ്റെടുക്കും. ഈ സമയപരിധി നിയമത്തിൽ വ്യക്തമാക്കിയിട്ടില്ല. വിദേശസംഭാവന ഭാഗികമായി ഉപയോഗിച്ച് നിർമിച്ച ആസ്തിയെങ്കിലും സർക്കാരിന് ഏറ്റെടുക്കാം. മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിൽ വേർതിരിക്കാവുന്ന ആസ്തികളെങ്കിൽ, അവ സ്ഥാപനത്തിന് ക്ലെയിം ചെയ്യാം. ആവശ്യമെങ്കിൽ സ്ഥാപനത്തിന്റെ പ്രവർത്തനം താൽക്കാലികമായി ഏറ്റെടുത്ത് നടത്താനും അതോറിറ്റിക്ക് അധികാരമുണ്ടാകും. നിശ്ചിത സമയപരിധിക്കുള്ളിൽ ലൈസൻസ് തിരികെ ലഭിച്ചാൽ ആസ്തികൾ തിരികെ കൈമാറും. അതോറിറ്റിക്ക് സിവിൽ കോടതിയുടെ അധികാരങ്ങളുണ്ടാകും.

മതം മാറിയാൽ പട്ടികജാതി പദവി നഷ്ടമാകും: സുപ്രീം കോടതി



ന്യൂഡൽഹി: ഹിന്ദു, സിഖ്, ബുദ്ധ മതങ്ങൾ ഒഴികെയുള്ള മറ്റ് മതങ്ങളിലേക്ക് മാറുന്ന വ്യക്തികൾക്ക് പട്ടികജാതി (SC) പദവി അവകാശപ്പെടാനാവില്ലെന്ന് സുപ്രീം കോടതി. മതം മാറുന്നതോടെ പട്ടികജാതി പദവി ഉടനടി നഷ്ടപ്പെടുമെന്നും, ഇവർക്ക് പട്ടികജാതിപട്ടികവർഗ (പീഡന നിരോധന) നിയമപ്രകാരമുള്ള സംരക്ഷണം ലഭിക്കില്ലെന്നും കോടതി വ്യക്തമാക്കി. ജസ്റ്റിസ് പി.കെ. മിശ്ര, ജസ്റ്റിസ് മൻമോഹൻ എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഈ സുപ്രധാന വിധി.

1950ലെ ഭരണഘടനാ (ഷെഡ്യൂൾഡ് കാസ്റ്റ്) ഉത്തരവ് പ്രകാരം പട്ടികജാതി പദവി ഹിന്ദു, സിഖ്, ബുദ്ധ മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി. ഈ ഉത്തരവിലെ മൂന്നാം ക്ലോസ് പ്രകാരം നിശ്ചയിച്ചിട്ടുള്ള മതങ്ങളിലൊന്ന് പിന്തുടരുന്നവർക്ക് മാത്രമേ എസ് സി പദവിക്ക് അർഹതയുള്ളൂ.

ഒരാൾ ക്രിസ്തുമതത്തിലേക്കോ ഇസ്ലാം മതത്തിലേക്കോ മാറുന്ന നിമിഷം, അയാളുടെ ജനനം പട്ടികജാതി കുടുംബത്തിലാണെങ്കിൽ പോലും ആ പദവി ഇല്ലാതാകുമെന്ന് ലിവ്

(ശേഷം പേജ് 6)

മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക. 9961720195



പാസ്റ്റർ ജോൺസൻ കെ. സാമുവേൽ ശാരോൻ ജനറൽ പ്രസിഡന്റ്

തിരുവല്ല: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ പ്രസിഡന്റായി പാസ്റ്റർ ജോൺസൻ കെ സാമുവേൽ നിയമിതനായി. പാസ്റ്റർ ഫിന്നി ജേക്കബ് രാജിവച്ച ഒഴിവിൽ മാർച്ച് 17ന് തിരുവല്ലയിൽ നടന്ന സഭാ മാനേജിങ് കൗൺസിൽ യോഗത്തിലാണ് പുതിയ നിയമനം. വേദ അദ്ധ്യാപകൻ, പ്രഭാഷകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്ന പാസ്റ്റർ ജോൺസൻ കെ സാമുവേൽ നിലവിൽ വൈസ് പ്രസിഡന്റ് ആയിരുന്നു.



ഭാര്യ: ലീലാമ്മ ജോൺസൺ.

മക്കൾ: പാസ്റ്റർ ടൈറ്റസ് ജോൺസൻ (ബഹ്റൈൻ ശാരോൻ ചർച്ച് ശുശ്രൂഷകൻ), ക്രിസ്റ്റീന അജി. മരുമക്കൾ : സിനി ടൈറ്റസ്, അജി രാജൻ. കൊച്ചുമക്കൾ : ജെറമി, ജോഷ്വ, ജൊഹാൻ, ആരോൻ, തബീഥ.

ക്രൈസ്തവർക്ക് നേരെ 747 അക്രമ സംഭവങ്ങൾ: ഇഎഫ്ഐ റിപ്പോർട്ട്

ന്യൂഡൽഹി: ഭാരതത്തിലെ ക്രൈസ്തവർ തീവ്രഹിന്ദുത്വവാദികളിൽ നിന്നു നേരിടുന്ന ക്രൂരമായ മതപീഡനത്തിന്റെ നേർച്ചിത്രവുമായി ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ (EFI) പുതിയ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

2025 വർഷത്തിൽ ക്രൈസ്തവർക്ക് നേരെ 747 അക്രമ സംഭവങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഇഎഫ്ഐ വ്യക്തമാക്കി. ഇന്നലെ മാർച്ച് 24ന് ന്യൂഡൽഹിയിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ക്രൈസ്തവർ ശത്രുത, ഭീഷണി, അക്രമം, വിവേചനം എന്നിവ നേരിടുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടുന്നു. രാജ്യവ്യാപകമായുള്ള നെറ്റ്വർക്ക് വഴി ലഭിച്ച 915ലധികം റിപ്പോർട്ടുകളിൽ നിന്നു 747 കേസുകൾ എടുത്തതെന്നും ശ്രദ്ധാപൂർവ്വം പരിശോധിച്ചുറപ്പിച്ചതിന് ശേഷമാണ് കണക്കിൽ ഉൾപ്പെടുത്തിയതെന്നും കമ്മീഷൻ വ്യക്തമാക്കി.

രാജ്യത്തിന്റെ പല ഭാഗങ്ങളിലും ക്രൈസ്തവ സമൂഹങ്ങൾ നേരിടുന്ന വെല്ലുവിളികളുടെ തുടർച്ചയാണ് വിവിധ ഇടങ്ങളിൽ നടക്കുന്നതെന്നും പ്രാർത്ഥനായോഗങ്ങളും ദേവാലയ ശുശ്രൂഷകളും തടസ്സപ്പെടുത്തൽ, വൈദികർക്കും വചനപ്രഘോഷകർ

(ശേഷം പേജ് 6)

കൊച്ചുപ്പാപ്പൻ

എഫ് സി ആർ എ നിയമങ്ങൾ ന്യൂനപക്ഷങ്ങളെ ലക്ഷ്യമാക്കിയല്ല.
കേന്ദ്ര മന്ത്രി ജോർജ് കുര്യൻ



സംഘപരിവാറിനെ കരുതിയായിരിക്കാം. ബലേ ഭേഷ്!

എഫ്സിആർഎ ഭേദഗതി ബിൽ സ്വാഭാവികനീതിക്കു നിരക്കാത്തത്: സിബിസിഐ

ന്യൂഡൽഹി: വിദേശസംഭാവന നിയന്ത്രണ (എഫ്സിആർഎ) ഭേദഗതി ബിൽ കേന്ദ്രസർക്കാർ പാസാക്കിയാൽ സാമൂഹ്യ, വിദ്യാഭ്യാസ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വിദേശസംഭാവനകളെ ആശ്രയിക്കുന്ന ന്യൂനപക്ഷ, സാമൂഹ്യ സംഘടനകളുടെ പ്രവർത്തനസ്വാതന്ത്ര്യത്തിനും നിലനിൽപ്പിനും ഭീഷണിയാകുമെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ).കഴിഞ്ഞ ദിവസം കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച ബില്ലിൽ കടുത്ത ആശങ്ക അറിയിച്ചു സിബിസിഐ ആസ്ഥാനത്ത് വിളിച്ചു ചേർത്ത പത്രസമ്മേളനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ബില്ലിലെ ഭരണഘടനാവിരുദ്ധ വ്യവസ്ഥകൾ കേന്ദ്രസർക്കാർ പുനഃപരിശോധിക്കണമെന്ന് സിബിസിഐ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. മാത്യു കോയിക്കൽ ആവശ്യപ്പെട്ടു.

നിർദിഷ്ട ഭേദഗതി ക്രൈസ്തവ സ്ഥാപനങ്ങളെ മാത്രമല്ല, രാജ്യത്തു സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന മറ്റു സ്ഥാപനങ്ങളെയും ബാധിക്കും. ഇക്കാര്യത്തിൽ മുന്നോട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന് ക്രൈസ്തവസഭയ്ക്ക് പുറത്തുള്ള മറ്റു സംഘടനകളുമായി സഹകരിക്കുമെന്നും സിബിസിഐ വ്യക്തമാക്കി.

വിദേശ ഫണ്ടുകളും ആസ്തികളും ഏറ്റെടുക്കുന്നതു സംബന്ധിച്ച സർക്കാർ തീരുമാനങ്ങളിൽ അപ്പീൽ നൽകാനും പരാതിക്കാരന്റെ ഭാഗം കേൾക്കാനും സംവിധാനങ്ങൾ ഉണ്ടാകണം. അതിനാൽ ഒരു അപ്പലേറ്റ് അഥോറിറ്റി രൂപീകരിക്കാൻ ബില്ലിൽ വ്യവ

(ശേഷം പേജ് 4)

ചെയർമാൻ
ജോൺ വർഗീസ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഷാജി കാരയ്ക്കൽ

ജനറൽ എഡിറ്റർ
സ്റ്റാൻലി ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ദീപ്തി അന്ന അച്ചൻകുഞ്ഞ്

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ചാക്കോ ജോർജ്ജ്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഷിബു മുള്ളംകാട്ടിൽ
വർഗീസ് മാത്യു
ചാർലീസ് മാത്യു
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമുട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു ന്യൂയോർക്ക്

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
ജിജി ബറോഡ
ജോൺ മത്തായി അതിരുങ്കൽ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
മഞ്ജു പീടിയേക്കൽ
ബെന്നി പാപ്പച്ചൻ ഒക്കലഹോമ
രാജൻ ഏബ്രഹാം
മോൻസി വളഞ്ഞവട്ടം ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com

ബൈബിൾ യൂറോപ്പ്



വെളിപ്പാട് പുസ്തകത്തിലെ സഭകൾ...
വിശ്വാസപ്രമാണത്തിന്റെ നാട്ടിലൂടെ...

സഭാ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും
സഭാ കൗൺസിലുകളുടെയും നാടുകളിലൂടെ ഒരു പഠനയാത്ര

▸▸ പത്മോസ് ▸▸ ടർക്കി
▸▸ ഗ്രീസ് ▸▸ റോം ▸▸ വത്തിക്കാൻ

- എഫെസൊസ്
- സ്മുർന്നാ
- പെർഗ്ഗമൊസ്
- തുയഥൈര
- സർദ്ദിസ്
- ഫിലദെൽഫ്യ
- ലവൊദിക്ക്യാ
- ഏഥൻസ്
- കൊരിന്ത്
- ഫിലിപ്പ്യ
- തെസ്സലോനിക്യ
- ബറോവ

Beyond Patmos



12 രാത്രി 13 പകൽ



ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്
തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർക്കും
യാത്രാ സംഘത്തിൽ ചേരാൻ
ക്രമീകരണങ്ങൾ ചെയ്യുന്നു.



2026 സെപ്റ്റംബർ 14



- വിശ്വാസപ്രമാണത്തിന്റെ നാടായ നിഖ്യാ
- യോഹന്നാനെ നാടുകടത്തിയ പത്മോസ് ദ്വീപ്
- വെളിപ്പാടു പുസ്തകത്തിലെ 7 സഭകളുടെ നാടുകൾ
- പുതിയനിയമകാലത്തെ നാടും നഗരങ്ങളും
- സുവിശേഷത്തിനു സാക്ഷ്യം വഹിച്ച നാടുകൾ

91 9961720195 | +1 9143493978
e-mail: maruppacha@gmail.com | web: www.maruppacha.com

ബ്രസീലിൽ ഇനി പെന്തെക്കോസ്ത് യുഗം



ഷാജി മാറാനാഥാ

ബ്രസീൽ ശ്രദ്ധേയമായ ആത്മീയ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആത്മീയ ഉണർവ്വിന്റെ പശ്ചാത്തലത്തിൽ സുവിശേഷീകരണ സഭകൾ പ്രത്യേകിച്ച് പെന്തക്കോസ്ത്, നവ പെന്തെക്കോസ്ത്പ്രസ്ഥാനങ്ങൾ ക്രമാനുഗതമായി വളരുകയും ദശലക്ഷക്കണക്കിന് അനുയായികളെ സൃഷ്ടിക്കുകയും ചെയ്തതോടെ ലോകത്തെ പെന്തെക്കോസ്ത് കരിസ്മാറ്റിക് അനുഭവമുള്ള ആദ്യത്തെ രാജ്യമായി ബ്രസീൽ മാറുകയാണ്

തലമുറകളായി, റോമൻ കാത്തലിക് വിഭാഗത്തിന് മുൻതൂക്കമുള്ള ബ്രസീൽ ശ്രദ്ധേയമായ ആത്മീയ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആത്മീയ ഉണർവ്വിന്റെ പശ്ചാത്തലത്തിൽ സുവിശേഷീകരണ സഭകൾ പ്രത്യേകിച്ച് പെന്തക്കോസ്ത്, നവപെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ ക്രമാനുഗതമായി വളരുകയും ദശലക്ഷക്കണക്കിന് അനുയായികളെ സൃഷ്ടിക്കുകയും ചെയ്തതോടെ ലോകത്തെ പെന്തെക്കോസ്ത് കരിസ്മാറ്റിക് അനുഭവമുള്ള ആദ്യത്തെ രാജ്യമായി മാറാനൊരുങ്ങുകയാണ് ബ്രസീൽ.

രാജ്യത്തെ 84 ശതമാനത്തോളവും ക്രൈസ്തവ വിശ്വാസികളാണ്. കത്തോലിക്കാ സഭ ബ്രസീലിന്റെ ചരിത്രത്തിലും സംസ്കാരത്തിലും ആഴത്തിൽ വേരൂന്നിയതാണെങ്കിലും, കഴിഞ്ഞ 15 വർഷങ്ങൾക്കുള്ളിൽ നവീകരണ സഭകളുടെ പ്രവർത്തനങ്ങൾ രാജ്യത്ത് വലിയ ചലനമാണ് സൃഷ്ടിച്ച് കൊണ്ടിരിക്കുന്നത്. ഒരു നൂറ്റാണ്ട് മുമ്പ് യുഎസ്. യൂറോപ്യൻ മിഷനറിമാരാണ് പെന്തെക്കോസ്തിന്റെ ഉപദേശം ബ്രസീലിലേക്ക് കൊണ്ടുവന്നത്, ഇരുപതാം നൂറ്റാണ്ടിൽ രാജ്യത്ത് മതപരമായ ബഹുസ്വരത വർദ്ധിച്ചു, പരമ്പരാഗത മതചിന്തകൾ വിട്ട് ജനം പുതിയ നിയമ സഭകളുടെ പിന്നാലെയായി. 2010 ആയപ്പോഴേക്കും പ്രൊട്ടസ്റ്റന്റ് സമൂഹം ജനസംഖ്യയുടെ 22% ത്തിലധികം വളർന്നു. ഏറ്റവും സാധാരണമായ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ ഇവാഞ്ചലിക്കൽ പെന്തക്കോസ്റ്റൽ സഭകളാണ്. രാജ്യത്ത് ശ്രദ്ധേയമായ സാന്നിധ്യമുള്ള മറ്റ് പ്രൊട്ടസ്റ്റന്റ് ശാഖകളിൽ ബാപ്റ്റിസ്റ്റുകൾ, സെവൻത്ഡേ അഡ്വെന്റിസ്റ്റുകൾ, ലൂഥറൻമാർ എന്നിവരും ഉൾപ്പെടുന്നു. സമീപ ദശകങ്ങളിൽ, പ്രൊട്ടസ്റ്റന്റ് വിഭാഗം പ്രത്യേകിച്ച് പെന്തെക്കോസ്തലിസത്തിന്റെയും ഇവാഞ്ചലിക്കലിസത്തിന്റെയും രൂപങ്ങളിൽ, ബ്രസീലിൽ വ്യാപിച്ചു. അതോടെ 2010 കളിൽ കത്തോലിക്കരുടെ അനുപാതം ഗണ്യമായി കുറഞ്ഞു. നവീകരണ സഭകൾ ബ്രസീലിൽ ഉടനീളം വ്യാപിച്ചു. നിലവിൽ ജനസംഖ്യയുടെ മൂന്നിലൊന്നിൽ കൂടുതൽ പ്രൊട്ടസ്റ്റന്റുകളാണ്. അതേസമയം കത്തോലിക്കരുടെ എണ്ണം 50 ശതമാനത്തിൽ താഴെയായി. ബ്രസീലിയൻ പ്രൊട്ടസ്റ്റന്റുകാരിൽ ഏറ്റവും കൂടുതൽ പേരും സുവിശേഷ ദർശനമുള്ളവരാണ്. അവരത് സമൂഹത്തിൽ പങ്ക് വയ്ക്കുവാൻ ഉത്സുകരാകുന്നതിനാലാണ് ഈ സമൂഹം വളരുന്നത്. പ്രത്യേകിച്ച് പെന്തെക്കോസ്തലുകളും, നവ പെന്തെക്കോസ്തലുകളും അനുബന്ധ ശാഖകളും അസംബ്ലീസ് ഓഫ് ഗോഡ്, ക്രിസ്ത്യൻ കോൺഗ്രിഗേഷൻ, ഫോർസ്ക്വയർ ഗോസ്പൽ ചർച്ച്, ബ്രസീൽ ഫോർ ക്രൈസ്റ്റ്, ഗോഡ് ഈസ് ലവ്, യൂണിവേഴ്സൽ ചർച്ച് ഓഫ് ദി കിംഗ്ഡം ഓഫ് ഗോഡ്, ന്യൂ ലൈഫ് ചർച്ച് തുടങ്ങിയവയാണ് ബ്രസീലിലെ ഏറ്റവും മുന്നിൽ നിൽക്കുന്ന പെന്തെക്കോസ്ത് സഭാ വിഭാഗങ്ങൾ.



ബ്രസീൽ ശ്രദ്ധേയമായ ആത്മീയ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആത്മീയ ഉണർവ്വിന്റെ പശ്ചാത്തലത്തിൽ സുവിശേഷീകരണ സഭകൾ പ്രത്യേകിച്ച് പെന്തെക്കോസ്ത്, നവപെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ ക്രമാനുഗതമായി വളരുകയും ദശലക്ഷക്കണക്കിന് അനുയായികളെ സൃഷ്ടിക്കുകയും ചെയ്തതോടെ ലോകത്തെ പെന്തെക്കോസ്ത് കരിസ്മാറ്റിക് അനുഭവമുള്ള ആദ്യത്തെ രാജ്യമായി മാറാനൊരുങ്ങുകയാണ്.



2036ൽ റൈസസ് ഡോ ബ്രസീലിന്റെ ശതാബ്ദിയോടെ, രാജ്യത്തിന്റെ 500ലധികം വർഷത്തെ ചരിത്രത്തിൽ ആദ്യമായി പ്രൊട്ടസ്റ്റന്റുകാർ ബ്രസീലിലെ കത്തോലിക്കരെ മറികടക്കുവാൻ ഒരുങ്ങുകയാണ്.

പരമ്പരാഗത സഭകൾക്ക് പകരം ടെന്റ് മിനിസ്ട്രികളിലൂടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പെന്തെക്കോസ്ത് ഉണർവ്വ് ശക്തമാണ്. ഇത് വിശ്വാസികളുടേയും നവ സഭകളുടേയും എണ്ണത്തിൽ വലിയ വളർച്ച കാണിക്കുന്നു. ആരാധനാ ശൈലികൾ, വ്യക്തിപരമായ വിശ്വാസം, നവീകരണ സഭകളുടെ ഊർജ്ജസ്വലമായ സേവനങ്ങൾ, സമൂഹ വ്യാപനം എന്നിവ ഇന്നിവിടെ വളരെ പ്രാധാന്യം കൽപ്പിക്കപ്പെടുന്നു. ഇത് വ്യത്യസ്തമായ ആത്മീയ അനുഭവം തേടുന്ന നിരവധി ബ്രസീലുകാരെ ആകർഷിക്കുന്നു. വലിയ തോതിലുള്ള ആത്മീയസേവനങ്ങളും വിശ്വാസത്തിന്റെ പൊതുപ്രകടനങ്ങളും ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ രാജ്യത്ത് കൂടുതൽ ദൃശ്യമായതോടെ സുവിശേഷ നേതാക്കൾ ഇപ്പോൾ ഇവിടെ സാമൂഹികവും രാഷ്ട്രീയവുമായ ജീവിതത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. നിലവിലെ അവസ്ഥയിൽ രാജ്യം മുന്നോട്ട് പോവുകയാണെങ്കിൽ ഒരു തലമുറയ്ക്കുള്ളിൽ ബ്രസീലിന്റെ ക്രിസ്തീയ കാഴ്ച്ചപ്പാട് തന്നെ മാറിമറിയും എന്നാണ് പഠനം. സർവേകൾ പ്രകാരം, ലോകത്തിലെ ഏറ്റവും വലിയ കത്തോലിക്കാ രാജ്യമായ ഇവിടെ ജനസംഖ്യയുടെ ഭൂരിഭാഗവും 2035 പിന്നിടുമ്പോഴേക്കും സുവിശേഷ സഭയുടെ ഭാഗമാകുമെന്നാണ് കരുതപ്പെടുന്നത്. എന്തുകൊണ്ടാണ് ഈ മാറ്റം ഉണ്ടാകുന്നത് എന്നത് നവീകരണസഭകളുടെ പ്രവർത്തനങ്ങളിൽ നിന്ന് മനസിലാക്കാനാവും. ടെന്റ് മിനിസ്ട്രികളും സ്ട്രീറ്റ് മിനിസ്ട്രീകളും ജയിൽ മിനിസ്ട്രികളും തുടങ്ങി അടിസ്ഥാന ജനതതിയുടെ ഇടയിലേക്ക് വരെ ഇറങ്ങിച്ചെല്ലുകയാണ് ഈ സഭകൾ. പ്രാർത്ഥനകളിലൂടെ അത്ഭുതങ്ങളും വീര്യപ്രവർത്തികളും ഇവിടെ സംഭവിക്കുന്നു.

ബ്രസീലിൽ കത്തോലിക്ക വിഭാഗത്തിൽ നിന്ന് പെന്തക്കോസ്തിലേക്ക് മാറിയ ദശലക്ഷക്കണക്കിന് സ്ത്രീകളിൽ ഒരാളാണ് പാസ്റ്റർ നോർമ റിയോ ഡി ജനീറോയിലെ ഒരു ഫാവേലയിലെ കാൻഡംബിൾ കൾട്ടുകൾക്കായുള്ള ഒരു ക്ഷേത്രത്തിൽ 30 വർഷത്തോളം അവർ പുരോഹിതയായിരുന്നു. അവരുടെ അമ്മയും മുത്തശ്ശിയും മുതുമുത്തശ്ശിയും ഇതിനകം ഒറിക്സാസ് എന്നറിയപ്പെടുന്ന ആഫ്രോ ബ്രസീലിയൻ ദൈവങ്ങളോട് പ്രാർത്ഥിച്ചിരുന്നു. എന്നാൽ നോർമ്മ സുവിശേഷം കേട്ടു. ബൈബിൾ യാഥാർത്ഥ്യങ്ങളെക്കുറിച്ച് മിഷണറിമാരിലൂടെ പഠിച്ചു. പ്രാർത്ഥന ജീവിതത്തിൽ അനുഭവമായി. അതോടെ നോർമ ഒറിക്കൾക്ക് പുറംതിരിഞ്ഞു, സുവിശേഷകയായി.' തന്റെ വീട്ടിൽ തന്നെ ഒരു പ്രാർത്ഥനാകൂട്ടായ്മയ്ക്കും തുടക്കമിട്ടു. ഇന്ന് ബ്രസീലിയൻ ആരാധനാഗാനങ്ങൾക്ക് അവർ ജീവൻ നൽകുന്നു. തന്റെ പേരക്കുട്ടികളേയും ദൈവിക സ്തുതികൾക്കായി ഒരുക്കുന്നു.

വടക്കുകിഴക്കൻ ബ്രസീലിലെ തദ്ദേശീയരായ ക്രികാറ്റി ജനതയുടെ ജീവിതം ഏതാണ്ട് നരഭോജികൾക്ക് തുല്യമായിരുന്നു. അപരിഷ്കൃതരായ ജനവിഭാഗം. മിഷണറിമാർ ബൈബിളും സ്തുതിഗീതങ്ങളും അവരുടെ സ്വന്തം ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. അവർ സുവിശേഷത്തിൽ ആകൃഷ്ടരാവുകയും ബ്രസീലിന്റെ മുഖ്യധാരയിലേക്ക് വരികയും ചെയ്തു.

യേശുവിലുള്ള വിശ്വാസം തന്റെ ജീവൻ രക്ഷിച്ചുവെന്ന് തദ്ദേശീയനായ പാസ്റ്റർ ടിയാഗോ ക്രികാറ്റിക്കും ബോധ്യമുണ്ട്. അയാൾ ഒരു മദ്യപാനിയും തൊഴിൽരഹിതനുമായിരുന്നു, ഇന്ന് അദ്ദേഹവും ഒരു പാസ്റ്ററും അധ്യാപകനുമാണ്. തന്റെ ഗ്രാമത്തെ സുവിശേഷീകരിക്കുവാൻ അദ്ദേഹം ഉത്സാഹിക്കുന്നു. ഈ മനുഷ്യർ വെറുതെ മസ്തിഷ്കപ്രക്ഷാളനം ചെയ്യപ്പെട്ടവരല്ലെന്ന് അവരുടെ സഹകാരികൾ പറയുന്നു. 'ഇത് അതിജീവനത്തിന്റെ കാര്യമാണ്, പാസ്റ്റർമാരായ ടിയാഗോയ്ക്കും നിൽട്ടണും അടക്കം ആയിരക്കണക്കിന് മനുഷ്യർക്ക് സുവിശേഷ സഭകൾ രക്ഷയായി തീർന്നു.'

ബ്രസീലിലെ പലരും സുവിശേഷ സഭകളുടെ ശക്തിയെയും തങ്ങളുടെ സംസ്കാരത്തിൽ അവയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെയും ഭയപ്പെടുന്നുണ്ട്. ബ്രസീലിൽ ഇവാഞ്ചലിക്കൽ സഭകളുടെ ദ്രുതഗതിയിലുള്ള വളർച്ചയാണ് അതിന് കാരണം. എന്നാൽ ആ വളർച്ചയ്ക്ക് പിന്നിൽ മറ്റൊരു കാരണം കൂടെയുണ്ട്. ഗവൺമെന്റ് ഇല്ലാത്തിടത്ത് സഹായിക്കാൻ ഈ സഭകളുണ്ട്. സാമൂഹ്യ ഉദ്ധാരണ പ്രക്രീയകളിലും സജീവമാണ്. 2022 മുതൽ, സുവിശേഷ സഭകളും കത്തോലിക്കരും മതത്തെ ഒരു രാഷ്ട്രീയ ഘടകമായി പുനർവിചിന്തനം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്; 2025 ൽ നിരവധി സുവിശേഷ വിഭാഗങ്ങൾ രാജ്യത്തിന്റെ രാഷ്ട്രീയ നിലപാടുകളിലും സ്വാധീനം ചെലുത്തുന്നുണ്ട്.

നിലവിൽ രാജ്യത്തെ ഭരണകൂടത്തെ തീരുമാനിക്കത്തക്ക നിലയിൽ ഇവാഞ്ചലിക്കൽ സഭകൾ രാജ്യത്ത് ശക്തിയാർജ്ജിച്ചു കഴിഞ്ഞു.

2018ൽ, തീവ്ര വലതുപക്ഷ മുൻ സൈനിക ക്യാപ്റ്റൻ ജെയർ ബോൾ സോനാരോ അധികാരത്തിൽ വന്നത് രാജ്യത്തെ ഞെട്ടിച്ചു. ഇവാഞ്ചലിക്കൽ വോട്ടുകളുടെ സഹായത്തോടെയാണ് പ്രസിഡന്റ് ജെയർ ബോൾസോനാരോ അധികാരത്തിൽ വന്നത്.

2000കളോടെ, ബ്രസീൽ അതിന്റെ ചരിത്രത്തിലാദ്യമായി മധ്യഇടതുപക്ഷവും മധ്യവലതുപക്ഷവും തമ്മിലുള്ള സമാധാനപരവും ജനാധിപത്യപരവുമായ ഭരണമാറ്റത്തിന് സാക്ഷ്യം വഹിച്ചു. പ്രസിഡന്റ് ലുലയുടെ കീഴിൽ, സാമൂഹിക ഉൾപ്പെടുത്തലിന്റെ പുതിയ നടപടികളുമായി സംയോജിച്ച് അത് കുതിച്ചുയരുന്ന വളർച്ച കണ്ടു. എന്നാലത് അധികകാലം മുന്നോട്ട്പോയില്ല. കുറ്റകൃത്യങ്ങൾ വർദ്ധിച്ചു, ഉൽപ്പാദനം കുറഞ്ഞു, രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി താളം തെറ്റി, കടംവാങ്ങൽ വർദ്ധിച്ചു. 2013ൽ അത് ഞെട്ടിക്കുന്ന ഒരു സ്തംഭനാവസ്ഥയിലായി. വർദ്ധിച്ചുവരുന്ന ജനകീയ പ്രതീക്ഷകൾ പ്രാതിനിധ്യ പ്രതിസന്ധി സൃഷ്ടിച്ചു. രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ജനകീയ തെരുവ് പ്രക്ഷോഭങ്ങൾ ആരംഭിച്ചു. സാമ്പത്തിക പ്രതിസന്ധിയും പിന്നീട് സ്ഥാപന പ്രതിസന്ധിയും

ഇതിനെ പിന്തുടർന്നു, ലുലയുടെ പിൻഗാമിയായ ദിൽമ റുസെഫി നെതിരായ പാർലമെന്ററി അട്ടിമറിയിൽ കലാശിച്ചു. പിന്നീട് എല്ലാ ഊർജ്ജവും തെരുവുകളിൽ ആധിപത്യം സ്ഥാപിച്ച പ്രൊട്ടസ്റ്റന്റ് റ് മത ചിന്താഗതികളോട്കൂടിയ ഒരു പുതിയ വലതുപക്ഷ പ്രസ്ഥാനത്തിന്റെ ശക്തിയിലായിരുന്നു. 2018ൽ ബോൾസോനാരോയുടെ തിരഞ്ഞെടുപ്പോടെ അത് ഉയർന്നുവന്നു. അതോടെ ദേശീയ തലത്തിൽ പെന്തെക്കോസ്ത്, നവപെന്തെക്കോസ്ത് വീക്ഷണങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യത്തിലേക്ക് കണ്ണുകൾ തിരിഞ്ഞു.

2022ൽ വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതിൽ ബോൾസോനാരോ പരാജയപ്പെട്ടെങ്കിലും അവർ പിന്മാറാൻ തയാറായിരുന്നില്ല.

ജെയറിന്റെ ഭാര്യ മിഷേൽ ബോൾസോനാരോ പതിവായി സന്ദർശിക്കുന്ന ബ്രസീലിയയിലെ ഇവാഞ്ചലിക്കൽ കമ്മ്യൂണിറ്റി ഓഫ് നേഷൻസ് ചർച്ചിൽ നിന്ന് പുറത്ത് വന്ന പ്രസ്താവന ഇപ്രകാരമാണ്. 'ബ്രസീലിന് ഒരു ഉടമയുണ്ട്. അത് മാറിയിട്ടില്ല, അത് മാറുകയുമില്ല. ബ്രസീലിനെ പ്രകാശിപ്പിക്കുകയും ലോകത്തിന്റെ വെളിച്ചമാക്കുകയും ചെയ്തത് ദൈവമാണ്. നമ്മെയോ രാജ്യത്തെയോ സംബന്ധിച്ചിടത്തോളം അവന്റെ പദ്ധതി മാറിയിട്ടില്ല.' ബോൾസോനാരോ കത്തോലിക്കനാണെങ്കിലും, 2016ൽ പെന്തെ



ക്കോസ്റ്റൽ അസംബ്ലിയ ഡി ഡ്യൂസിന്റെ (അസംബ്ലീസ് ഓഫ് ഗോഡ് ലോകത്തിലെ ഏറ്റവും വലിയ പെന്തക്കോസ്തൽ സഭയും ബ്രസീലിലെ ഏറ്റവും വലിയ ഇവാഞ്ചലിക്കൽ സഭയും) ഒരു പ്രധാന പാസ്റ്റർ എവറാൽഡോ ജോർദാൻ നദിയിൽ അദ്ദേഹത്തെ സ്നാനപ്പെടുത്തി.

2016ൽ റിയോ ഡി ജനീറോയുടെ മേയറായി തെരഞ്ഞെടുക്കപ്പെട്ടത് പെന്തെക്കോസ്തുകാരനായ മാർസെലോ ക്രിവെല്ല ആയിരുന്നു. ഇത് പലരെയും ഞെട്ടിച്ചു. ക്രിവെല്ലയുടെ മാതൃസഹോദരൻ എഡിർ മാസിഡോ നിയോ പെന്തെക്കോസ്തൽ യൂണിവേഴ്സൽ ചർച്ച് ഓഫ് ദി കിംഗ്ഡം ഓഫ് ഗോഡ് സ്ഥാപകനാണ്. 2005ൽ സ്ഥാപിതമായ റിപ്പബ്ലിക്കൻ പാർട്ടി, പ്രസിഡന്റും അഭിഭാഷകനുമായ മാർക്കോസ് പെരേര, മൈക്കൽ ടെമർ ഭരണകൂടത്തിൽ ഒരു സ്ഥാനം വഹിച്ചിരുന്ന ബിഷപ്പായിരുന്നു. സുവിശേഷകരും ബോൾസോനാരോയും തമ്മിലുള്ള ബന്ധം അദ്ദേഹത്തിന്റെ ഭരണകാലത്ത് കൂടുതൽ ശക്തിപ്പെട്ടു. കോവിഡ്19 പാൻഡെമിക് സമയത്ത്, വൈറസിന്റെ തീവ്രതയെക്കുറിച്ചുള്ള ബോൾസോനാരോയുടെ നിഷേധം, പരക്കെ വിമർശിക്കപ്പെട്ടെങ്കിലും ഭാഗികമായി, സുവിശേഷ വിശ്വാസത്തിന്റെപ്രകടനമായിരുന്നു അത്. ദൈവം നിങ്ങളോടൊപ്പമുണ്ടെന്നും തന്നിൽ ഒരിക്കലും ഈ വിശ്വസിച്ചവരെ അവൻ കൈവിടുകയില്ലെന്നും ഉള്ള ഉറപ്പായിരുന്നു പ്രസിഡന്റിന്റെ ആ പ്രസ്താവന. അദ്ദേഹത്തിന്റെ ഭരണകാലത്ത് സുവിശേഷകനായ' പ്രെസ്ബിറ്റീരിയൻ പാസ്റ്റർ ആൻഡ മെൻഡോൺസയെ ഒഴിഞ്ഞ സുപ്രീം കോടതി സീറ്റിലേക്ക് ബോൾസോനാരോ നാമനിർദ്ദേശം ചെയ്തിരുന്നു. ബോൾസൊനാരോയുടെ കാലഘട്ടത്തിൽ ആരംഭിച്ച മാർച്ച് ഫോർ ജീസസ് എന്ന പരിപാടി, ലോകത്തിലെ തന്നെ ഏറ്റവും വലിയ ക്രിസ്ത്യൻ സമ്മേളനമായി 3 ദശലക്ഷം ആളുകൾ വരെ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുന്നതായി പറയപ്പെടുന്നു. മാർച്ചിൽ പങ്കെടുത്ത ആദ്യ പ്രസിഡന്റ് ബോൾസോനാരോ ആയിരുന്നു.

കാലം കടക്കും തോറും ഉണർവ്വ് സഭകൾ അവരുടെ ദൗത്യത്തിൽ വർദ്ധിച്ച് വരികയാണ്. ബ്രസിലിന്റെ ഗോത്ര സമൂഹങ്ങൾ മുതൽ ഭരണതലവന്മാർ വരെ യേശുക്രിസ്തുവിനെ തങ്ങളുടെ രക്ഷകനായി ഉയർത്തുന്നു. ബ്രസിലിന്റെ ഭരണസിരാകേന്ദ്രങ്ങളിൽ മുഖ്യ സ്ഥാനമലങ്കരിക്കുന്നവർ പോലും ഇന്ന് ഇവിടുത്തെ പെന്തക്കോസ്ത് ഇവാഞ്ചലിക്കൽ ചർച്ചുകളുടെ ഭാഗവും സുവിശേഷകരെന്നതിൽ അഭിമാനിക്കുന്നവരുമാണ്. വേഗങ്ങളുടെ നാട്, കാൽപന്തുകളിയുടെ ഈ കളിത്തൊട്ടിൽ ഇനി ആത്മീയ ആഘോഷങ്ങളുടെ പ്രഭവസ്ഥാനമായി മാറുവാൻ പോകയാണ്.

ക്രൈസ്തവ വിശ്വാസമോ, സ്വത്ത് തർക്കമോ?

ഒഡീഷയിൽ കിയോഞ്ജർ ജില്ലയിലെ ഗ്രാമത്തിൽ ഒരു കുടുംബത്തിലെ 3 പേർ അതിദാരുണമായി കൊല്ലപ്പെട്ട സംഭവത്തിന്റെ ചുരുളുകളഴിയുന്നു

കിയോഞ്ജർ: ജനുവരിയിൽ ഒഡീഷയിലെ ഒരു ക്രിസ്ത്യൻ കുടുംബത്തിലെ മൂന്ന് അംഗങ്ങളെ ഗോത്ര ബന്ധുക്കൾ കൊലപ്പെടുത്തിയ സംഭവത്തിന്റെ യഥാർത്ഥ ചിത്രം ഇപ്പോൾ പുറത്ത് വരുന്നു. കൊലപാതകം സ്വത്ത് തർക്കം മൂലമെന്നാണ് പോലീസ് എഫ്ഐആർ ഇട്ടതെങ്കിലും ഇരകളുടെ ക്രൈസ്തവ വിശ്വാസമാണ് കൊലപാതക കാരണമെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ജനുവരി 25ന് കിയോഞ്ജർ ജില്ലയിലെ നിയാലിരൻ ഗ്രാമത്തിൽ വച്ച് 35 കാരനായ ജിതേന്ദ്ര സോറൻ, ഭാര്യ 32കാരിയായ മാലതി സോറൻ, 15 വയസ്സുള്ള മകൾ സസ്മിത എന്നിവരാണ് കൊല്ലപ്പെട്ടത്. ഇരകളുടെ ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം കുടുംബത്തിൽ രോഗത്തിന് കാരണമായെന്ന അന്ധവിശ്വാസമാണ് കൊലപാതകത്തിന് പിന്നിലെന്ന് ഒരു ബന്ധു പറഞ്ഞു. ജിതേന്ദ്ര സോറന്റെ മൂത്ത സഹോദരൻ ബൈദ്യനാഥ് എന്ന ബദിയ സോറൻ, അയാളുടെ മകൻ മകൻ സുദാം സോറൻ; ജിതേന്ദ്ര സോറന്റെ ഇളയ സഹോദരൻ ലക്ഷ്മൺ സോറൻ എന്നിവരാണ് കൊലപാതകങ്ങളിൽ പ്രതികളെന്ന് വൃത്തങ്ങൾ പറഞ്ഞു.

ജിതേന്ദ്ര സോറനും മാലതിക്കും 4 മക്കളാണുണ്ടായിരുന്നത്. 21 വയസ്സുള്ള മകൾ പാന സോറൻ, ഭർത്താവിന്റെ കുടുംബത്തോടൊപ്പം ഏകദേശം 60 മൈൽ അകലെ താമസിക്കുന്നു; മകൻ സുഗുഡ സോറൻ (18), ഭുവനേശ്വറിലെ ഒരു ഹോസ്റ്റലിൽ താമസിക്കുന്നു. ഇളയ മക്കളായ സസ്മിത സോറനും റാണി സോറനും (12), മാതാപിതാക്കൾക്കൊപ്പം താമസിച്ചിരുന്നു.

പോലീസിന്റെ പരാതിയിലും പ്രാദേശിക മാധ്യമങ്ങളിലും കൊലപാതകങ്ങൾ ഭൂമി തർക്കത്തെ തുടർന്നാണെന്ന് പറഞ്ഞെങ്കിലും, കുടുംബത്തിന്റെ ക്രിസ്തീയ വിശ്വാസം കൊലപാതകങ്ങളിൽ കേന്ദ്ര പങ്ക് വഹിച്ചതായി കൊല്ലപ്പെട്ട ദമ്പതികളുടെ മകൻ സുഗുഡ പറഞ്ഞു. 'ഞങ്ങളുടെ ക്രിസ്ത്യാനിത്വത്തിന് അവരുടെ കൊലപാതകങ്ങളിൽ വലിയ പങ്കുണ്ട്,' സുഗുഡ സോറൻ മാധ്യമങ്ങളോട് പിന്നീട് വെളിപ്പെടുത്തി. കൊലപാതകം നടന്ന ദിവസം സുഗുഡ സോറൻ ഹോസ്റ്റലിൽ ആയിരുന്നതുകൊണ്ടാണ് രക്ഷപ്പെട്ടതെന്നും വ്യക്തമാക്കി.

ജിതേന്ദ്ര സോറന് പ്രാർത്ഥനയിലൂടെ സൗഖ്യം

ജിതേന്ദ്ര സോറന്റെ ദീർഘകാലരോഗം കുടുംബത്തെ ബാധിച്ചു തുടങ്ങിയപ്പോൾ, എട്ട് മാസം മുമ്പ് അദ്ദേഹം ക്രിസ്തുവിനെ അനുഗമിക്കാൻ തുടങ്ങി. ഒരു സുഹൃത്ത് അദ്ദേഹത്തിന് ഒരു പാസ്റ്ററുടെ മൊബൈൽ ഫോൺ നമ്പർ നൽകി, പ്രാർത്ഥന ആവശ്യപ്പെടാൻ നിർദ്ദേശിച്ചു. പാസ്റ്റർ, ജിതേന്ദ്രയ്ക്ക് വേണ്ടി ഫോണിലൂടെ പ്രാർത്ഥിക്കുകയും തനിക്ക് ആശ്വാസം ലഭിക്കുകയും ചെയ്തു. അതോടെ പ്രാർത്ഥനയിൽ വിശ്വാസം തോന്നിയ സോറൻ പതിവായി പള്ളിയിൽ പോകാൻ തുടങ്ങി, തന്റെ കുടുംബവും പിന്നാലെ തന്നെ അനുഗമിച്ചു. ജിതേന്ദ്ര സോറൻ പൂർണ്ണമായും സുഖം പ്രാപിച്ചു. ഭുവനേശ്വറിലെ ഒരു ക്രിസ്ത്യൻ നേതാവായ അനിൽ കുമാർ നായക്, ജിതേന്ദ്ര സോറന് 'കരളിന് ഗുരുതരമായ ക്ഷതം' സംഭവിച്ചിരുന്നുവെന്നും എന്നാൽ നിരന്തരമായ പ്രാർത്ഥനയിലൂടെ ജിതേന്ദ്രന് ശാരീരികവും ആത്മീയവുമായ രോഗശാന്തി ലഭിച്ചതായും അത് കുടുംബത്തിന്റെയും വിശ്വാസത്തെ ശക്തിപ്പെടുത്തിയതായും പറയുന്നു.

അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തുവെന്ന് സുഗുഡ പറഞ്ഞു. 'ഞങ്ങൾ ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നപ്പോൾ, എന്റെ പിതാവിന്റെ സഹോദരന്മാർ ഞങ്ങളുടെ വിശ്വാസത്തെ എതിർത്തു, പലപ്പോഴും എന്റെ മാതാപിതാക്കളുമായി തർക്കിച്ചു,' ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ബദിയ സോറന്റെ മകൾക്ക് ആവർത്തിച്ചുള്ള പനി വരാൻ തുടങ്ങുകയും അത് കഠിനമാവുകയും ചെയ്തതോടെ ജിതേന്ദ്രയുടെ ക്രിസ്ത്യൻ വിശ്വാസവും അയാളുടെ കുടുംബം പതിവായി പള്ളിയിൽ പോകുന്നതുമാണ് മകളുടെ അസുഖത്തിന് കാരണമായി കണ്ടെത്തിയത്. ജിതേന്ദ്ര പള്ളിയിൽ പോയി മന്ത്രവാദത്തിലൂടെ അയാളുടെ രോഗം തന്റെ മകൾക്ക് കൈമാറിയെന്നും അങ്ങനെ സ്വയം സുഖപ്പെടുത്തി എന്നും ബദിയ ആരോപിക്കുവാൻ തുടങ്ങി. കൊലപാതകത്തിന് രണ്ട് ദിവസം മുമ്പ്, ഒരു വെള്ളിയാഴ്ച, സോറന്റെ കുടുംബം പള്ളിയിലെ പ്രാർത്ഥനായോഗത്തിൽ പങ്കെടുത്തു. അടുത്ത ദിവസം അവർ വീണ്ടും പങ്കെടുത്തപ്പോൾ, 'പള്ളിയിൽ പോയി തനിക്കും കുടുംബത്തിനും എതിരെ മന്ത്രവാദം നടത്തുകയാണെന്ന് ആരോപിച്ച് ബദിയ സോറൻ ജിതേന്ദ്ര സോറനുമായി വഴക്കുണ്ടായി. 'പിന്നെ ഞായറാഴ്ച കൊലപാതകം നടന്ന ദിവസം എന്റെ അമ്മാവൻ എന്റെ പിതാവിനെ ഭീഷണിപ്പെടുത്തി, മകൾ സുഖം പ്രാപിച്ചില്ലെങ്കിൽ മുഴുവൻ കുടുംബത്തെയും കൊല്ലുമെന്ന് പറഞ്ഞു,' സുഗുഡ സോറൻ മോർണിംഗ് സ്റ്റാർ എന്ന മാധ്യമത്തിന് നൽകിയ വിവരങ്ങളിൽ പറയുന്നു.

എഫ്സിആർഎ ഭേദഗതി ബിൽ.....


(1-ാം പേജ് തുടർച്ച)

സ്ഥ ഉണ്ടാകണമെന്നും സിബിസിഐ ആവശ്യപ്പെട്ടു. നിലവിൽ പരാതിക്കാരനെ കേൾക്കാൻ കൃത്യമായ ഒരു സംവിധാനം ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

ബില്ലിലെ അമിതമായ നിയന്ത്രണനടപടികൾ അധികാരികൾക്കു വിശാലമായ വിവേചനാധികാരമാണു നൽകുന്നത്. ഇത്തരം വ്യവസ്ഥകൾ ഏകപക്ഷീയമായ തീരുമാനങ്ങൾക്കും ദുരുപയോഗം ചെയ്യുന്നതിനും ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിൽ എക്സിക്യൂട്ടീവ് കടന്നുകയറുന്നതിനും അനുവാദം നൽകുന്നതായും സിബിസിഐ ചൂണ്ടിക്കാട്ടി.

ബില്ലിലെ അമിതനിയന്ത്രണം ജനാധിപത്യ തത്വങ്ങളെ ഗുരുതരമായി ദുർബലപ്പെടുത്തുന്നതിനൊപ്പം പൊതു ഉത്തരവാദിത്വത്തെ ഇല്ലായ്മ ചെയ്യുന്നു. വിദേശ സംഭാവനകൾ സ്വീകരിക്കുന്ന ന്യൂനപക്ഷ സ്ഥാപനങ്ങളുടെയും ജീവകാരുണ്യ സ്ഥാപനങ്ങളുടെയും എഫ്സിആർഎ ലൈസൻസ് പല കാരണങ്ങൾ പറഞ്ഞ് പുതുക്കി നൽകാതിരിക്കാനും ബില്ലിൽ നിർദേശിക്കുന്ന അധികാരം ഉപയോഗിച്ച് അവയുടെ ഫണ്ടുകളുടെയും ആസ്തികളുടെയും നിയന്ത്രണം പിടിച്ചെടുക്കാനുമാണ് നീക്കം. രജിസ്ട്രേഷൻ റദ്ദാക്കുകയോ സറണ്ടർ ചെയ്യുകയോ പുതുക്കാതിരിക്കുകയോ ചെയ്താൽ നിയന്ത്രണം ഏറ്റെടുക്കാൻ കേന്ദ്ര സർക്കാരിനെ അനുവദിക്കുന്ന നിയമം സ്വാഭാവികനീതിക്കു നിരക്കാത്തതാണെന്നും സിബിസിഐ ആരോപിച്ചു.

ബില്ല് സംബന്ധിച്ച ആലോചനായോഗം ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. മാത്യു കോയിക്കലിന്റെ അധ്യക്ഷതയിൽ ഇന്നലെ രാവിലെ സിബിസിഐ ആസ്ഥാനത്തു ചേർന്നിരുന്നു. രാജ്യത്തെ വിവിധ രൂപതകളിലെ ബിഷപ്പുമാർ, സന്യസ്ത സഭകളുടെ മേധാവിമാർ തുടങ്ങിയവർ വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ സംബന്ധിച്ചു.



തിമഥി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് ക്രിസ്ത്യൻ എജ്യൂക്കേഷൻ ആരംഭിക്കുന്നു


തിരുവല്ല: ക്രിസ്തീയ വിദ്യാഭ്യാസരംഗത്ത് പ്രവർത്തന നിരതരായവർക്കും കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിൽ ശുശ്രൂഷ ചെയ്യുവാൻ താല്പര്യപ്പെടുന്ന വർക്കുമായി ക്രമീകൃതമായി ഓൺലൈൻ നിലൂടെ അഡ്വാൻസ് ട്രെയിനിംഗ് നൽകുന്ന തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നൂതന പദ്ധതിയാണ് തിമഥി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് ക്രിസ്ത്യൻ എജ്യൂക്കേഷൻ പ്രോഗ്രാം.

ഒരു വർഷം മുതൽ മൂന്ന് വർഷം വരെ നീണ്ടു നിൽക്കുന്ന മൂന്ന് ലെവലുകളിലായി നടത്തപ്പെടുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഈ വരുന്ന ജൂൺ മാസം മുതൽ ആരംഭിക്കുന്നു. നവാഗതർക്കായുള്ള അടിസ്ഥാന പഠനവും (Basic Course) മറ്റുള്ളവർക്ക് ഉന്നത പഠനവും (Advance Course) ദൈവശാസ്ത്ര ബിരുദാനന്തര ബിരുദം ആഗ്രഹിക്കുന്നവർക്ക് ഗവേഷണ പഠനവും (Research Study) ഉൾപ്പെടുന്നതാണ് ഈ പഠന ഇൻസ്റ്റിറ്റ്യൂട്ട്.

കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിലധികമായി കുട്ടികളുടെയും യുവജനങ്ങളുടെയും ദമ്പതികളുടെയും നടുവിൽ സഭയുടെ സമഗ്ര വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന തിമഥി ഇൻസ്റ്റിറ്റ്യൂട്ട് നേതൃത്വം നൽകുന്ന അഡ്വാൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ അന്തർദേശീയ തലത്തിൽ പരിശീലനം ലഭിച്ച അദ്ധ്യാപകരും തിമഥി റിസോഴ്സ് പേഴ്സൺസ് കൂടാതെ വിഷയ വിദഗ്ധരും (Subject Experts) ക്ലാസുകൾ നയിക്കുന്നു. എല്ലാ ആഴ്ചയിലും നിർദ്ദിഷ്ട സമയത്ത് നടക്കുന്ന ഓൺലൈൻ ക്ലാസുകളിൽ സണ്ടേ സ്ക്കൂൾ അദ്ധ്യാപകർ, വി.ബി.എസ് അദ്ധ്യപകർ, യുവജനപ്രവർത്തകർ, സഭയുടെ പുത്രികാ സംഘടനാ പ്രവർത്തകർ, പാസ്റ്റേഴ്സ്, ക്രിസ്തീയ വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ശുശ്രൂഷാ പരിശീലനം നേടുവാൻ ആഗ്രഹിക്കുന്നവർക്കും പങ്കെടുക്കാം. സഭാ വ്യത്യാസമോ പ്രായപരിധിയോ കൂടാതെ ആർക്കും സ്വന്തവീടുകളിലോ, സ്ഥാപനങ്ങളിലോ ഇരുന്ന് ക്ലാസുകളിൽ പങ്കെടുക്കാമെന്നത് പഠനം കൂടുതൽ എളുപ്പമാക്കുന്നു.

ഇന്റർആക്ടീവ് ക്ലാസുകൾ, പീയർ ലേണിങ്ങ്, ഹാൻസ് ഓൺ വർക്ക് കൂടാതെ തുറന്ന ചർച്ചകൾക്കും ക്രിയാത്മക നിലയിൽ കുട്ടികളെയും യുവജനങ്ങളെയും ക്രിസ്തുകേന്ദ്രീകൃതമായ ജീവിതത്തിലേക്ക് നയിക്കുവാൻ പകതയാർന്ന പരിശീലനവും ആത്മധൈര്യവും പ്രധാനം ചെയ്യുന്ന പരിശീലനമാണ് തിമഥി അഡ്വാൻസ് ഇൻസ്റ്റിറ്റ്യൂട്ട്. മാറുന്ന കാലത്തിനൊപ്പം സാങ്കേതിക മികവുകളുടെയും നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയും മനശാസ്ത്ര വിശകലനത്തിലൂടെയും ക്രിസ്തീയ വിദ്യാഭ്യാസ പാഠ്യപദ്ധതികളുടെ തയ്യാറാക്കൽ, അവതരണം, പുതിയ തലമുറകളുടെ അഭിരുചികൾ എന്നിവ മനസിലാക്കി ദൈവ വിളിയുടെ കർമ്മ പഥത്തിൽ നിപുണരാക്കുവാൻ സഹായിക്കുന്നതാണ് ഈ പരിശീലനം.

ജൂൺ മാസം ആദ്യവാരം ആരംഭിക്കുന്ന അഡ്വാൻസ് ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ നേടുവാനുമായി താഴെ കൊടുത്തിരിക്കുന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. https://forms.gle/jkWRmR8541mmF7U4A. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ: 9656217909, 9745647909



ഐപിസി തിരുവല്ല സെന്റർ കൺവൻഷൻ തിരുവചനോത്സവം
ഏപ്രിൽ 9 മുതൽ 12 വരെ

തിരുവല്ല: ഐപിസി തിരുവല്ല സെന്റർ കൺവൻഷൻ തിരുവചനോത്സവം 2026 ഏപ്രിൽ 9 വ്യാഴം മുതൽ 12 ഞായർ വരെ നെടുമ്പ്രം ഐപിസി ഗോസ്പൽ സെന്റർ ഗ്രൗണ്ടിൽ നടക്കും.

പാസ്റ്റർ ഡോ.കെ.സി. ജോൺ ഉദ്ഘാടനം ചെയ്യും. വിവിധ ദിവസങ്ങളിൽ ഐപിസി കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ്, പാസ്റ്റർമാരായ സുരേഷ് ബാബു, സാബു വർഗ്ഗീസ്, സി.എക്സ്.ബിജു എന്നിവർ പ്രസംഗിക്കും.

ദിവസവും 5.30ന് തുടങ്ങുന്ന സംഗീത വിരുന്നിന് പ്രശസ്ത ആർട്ടിസ്റ്റുകളായ ലോർഡ്സൺ ആന്റണി, ഷാരോൺ വർഗീസ്, ജിബിൻ പുവക്കാല, അനിൽ അടൂർ എന്നിവർ നേതൃത്വം നൽകും.

ജനറൽ കൺവീനർ സുധി ഏബ്രഹാം, പാസ്റ്റർ ചാക്കോ ജോൺ, പാസ്റ്റർ അജു അലക്സ്, റോയി ആന്റണി, ജോജി ഐപ്പ് മാത്യൂസ്, നെബു ആമല്ലൂർ എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി പ്രവർത്തിക്കുന്നു.


മരുപ്പച്ച വെബ്സൈറ്റിൽ
www.maruppacha.com
Email: maruppacha @gmail.com
Whatsapp: 9961720195

ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു

മലയാളി പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ചു ള്ള ചരിത്രവും ഏറ്റവും പുതിയ സ്ഥിതി വിവരങ്ങളും ഉൾപ്പെടുത്തി ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു. 2017 ലാണ് അവസാനമായി ഹാലേലൂയ്യാ ഇയർ ബുക്ക് പുറത്തിറങ്ങിയത്. കഴിഞ്ഞ 10 വർഷം കേരളത്തിലെ പെന്തെക്കോസ്ത് സമൂഹത്തിനുണ്ടായ മാറ്റങ്ങളുടെയും വളർച്ചയുടെയും സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച പതിപ്പായിരിക്കും വീണ്ടും പ്രസിദ്ധീകരിക്കുന്നത്. പുതിയ എഡിഷനിലേക്കുള്ള വിവരശേഖരണ ജോലികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ ചരിത്രം 1905 മുതൽ 2026 വരെ ഓരോ വർഷവും മലയാളി പെന്തെക്കോസ്ത് സഭകളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള സംഭവങ്ങൾ, ഓരോ പെന്തെക്കോസ്ത് പ്രസ്ഥാനത്തെയും കുറിച്ചുള്ള വിപുലമായ ചരിത്രവും സ്ഥിതിവിവര കണക്കുകളും പാരാ ചർച്ച് മൂവ്മെന്റുകൾ, മിഷനറി പ്രസ്ഥാനങ്ങൾ, ഐക്യ പ്രസ്ഥാനങ്ങൾ തുടങ്ങി നൂറുകണക്കിന് പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ, കൂടാതെ 'ഹു ഈസ് ഹു' എന്ന പേരിൽ പ്രമുഖരായ സഭാനേതാക്കൾ മുതൽ കൺവെൻഷൻ പ്രസംഗകർ, വർഷിപ്പ് ലീഡേഴ്സ്, ഇൻഫ്ലുവൻസേഴ്സ്, യുവജന പ്രവർത്തകർ തുടങ്ങിയ വിവിധ നിലകളിൽ നിന്നുള്ള വ്യക്തികളുടെ വിവരണങ്ങൾ.

പഞ്ചായത്ത് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തുമുള്ള ലോക്കൽ സഭകളുടെ വിവരണങ്ങൾ, ഫോൺ നമ്പറുകൾ തുടങ്ങി 0പെന്തെക്കോസ്തുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്ന രീതിയിലാണ് ഇയർ ബുക്ക് തയ്യാറാക്കുന്നത്.



2027 ജനുവരിയിൽ പ്രസിദ്ധീകരിക്കും

വിവരശേഖരണത്തിൽ സഹകരണം തേടുന്നു

ഇയർ ബുക്കിലേക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിൽ സഹകരിക്കുവാൻ താല്പര്യമുള്ള പെന്തെക്കോസ്ത് ശുശ്രൂഷകന്മാർ, യുവജന പ്രവർത്തകർ തുടങ്ങിയവരുടെ സഹായം ഞങ്ങൾക്ക് ആവശ്യമുണ്ട്. താല്പര്യമുള്ളവർ നിങ്ങളുടെ പേരും സ്ഥലവും വാട്സാപ്പ് ചെയ്യുക. **9349500155.**

തിരുവല്ലായിൽ വസ്തു വിൽപ്പനയ്ക്ക്
തിരുവല്ലയിൽ നിന്നും 4.5 കി. മീ. മനയ്ക്കച്ചിറ അടുത്ത് ഹൗസ് പ്ലോട്ടുകൾ കുറഞ്ഞ വിലയിൽ വിൽപ്പനയ്ക്ക്. ആവശ്യക്കാർക്ക് ബഡ്ജറ്റ് അനുസരിച്ചു വീടുകൾ ചെയ്തു തരുന്നതാണ്
മൊബൈൽ:
90745 07029

രാഷ്ട്രീയക്കാരുടെ കണ്ണീർ!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

അടുത്തയിടെ വാർത്തകളിൽ ഇടംപിടിച്ച ഒരു സംഗതിയാണ് പൊതുജനങ്ങൾക്കുമുമ്പാകെ വന്ന് വാർത്താസമ്മേളനം നടത്തുന്നതിനിടെ കരഞ്ഞുപോയ ചില രാഷ്ട്രീയ നേതാക്കളെപ്പറ്റിയുള്ള വാർത്തകൾ.

അതിലൊന്ന് കേരളത്തിലെ തിരഞ്ഞെടുപ്പ് പ്രചരണത്തിനിടെ കായംകുളത്തെ ഒരു സ്ഥാനാർത്ഥി ജനങ്ങൾക്ക് മുമ്പാകെ വിതുമ്പിക്കരഞ്ഞുകൊണ്ട്, താൻ പലപ്രാവശ്യം തിരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ടെങ്കിലും ജീവിതത്തിൽ ഇതുവരെയും ജയിക്കാൻ സാധിച്ചിട്ടില്ലെന്നും അത് ഓർക്കുമ്പോൾ സങ്കടമുണ്ടെന്നും അതിനാൽ ദയവായി തന്നെ ഇപ്രാവശ്യം വിജയിപ്പിക്കണമെന്നും അഭ്യർത്ഥിച്ച സംഭവമാണ്. പ്രിയപ്പെട്ട നാട്ടുകാരെ സേവിക്കാൻ ഒരവസരം തരണമെന്ന് അപേക്ഷിക്കുന്നതിനിടെ വിതുമ്പിപ്പോയ സ്ഥാനാർത്ഥിയോട് ആർക്കെങ്കിലുമൊക്കെ സഹതാപം തോന്നിക്കാണുമായിരിക്കാം. പക്ഷേ അതെല്ലാം തട്ടിത്തെറിപ്പിക്കുന്ന തരത്തിൽ തന്റെ പ്രചരണത്തിന് ചുക്കാൻ പിടിക്കുന്ന ഒരു പ്രമുഖനേതാവ് തന്നെ എതിർ സ്ഥാനാർത്ഥിയും സിറ്റിംഗ് എം.എൽ.എ-യുമായ വനിതയ്ക്ക് നേരെ പ്രസംഗത്തിനിടെ തികച്ചും അധിക്ഷേപകരമായ പരാമർശം നടത്തി. പാർട്ടി അദ്ദേഹത്തിനെതിരെ നടപടിയെടുത്തു, ചുമതലയിൽനിന്ന് നീക്കി, മാത്രമല്ല, ആ വനിതയുടെ പരാതിയിൽ പോലീസ് കേസ് എടുത്ത് ആളിനെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടു. അപമാനിതയായ വനിതാ സ്ഥാനാർത്ഥി ചാനലുകൾക്ക് മുമ്പിൽ കണ്ണീർതൂകിയതോടെ ഇതുവരെയും ജയിക്കാൻ പറ്റിയില്ലെന്നു പറഞ്ഞ് വിതുമ്പിയ സ്ഥാനാർത്ഥിക്ക് കിട്ടാനിടയുണ്ടായിരുന്ന സഹതാപവും ആവിയായി! വനിതാ എം.എൽ.എ-യ്ക്കുവേണ്ടി വാദിക്കുവാൻ അനേകർ മുന്നോട്ട് വന്നു. അധിക്ഷേപിക്കപ്പെട്ടവരുടെ കണ്ണീരിനാണ് അവസരം കിട്ടാത്തവരുടെ കണ്ണീരിനേക്കാൾ കൂടുതൽ വിലയുള്ളത് എന്ന് കരുതാം.

ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങൾക്കല്ല, ജനങ്ങളുടെ വോട്ടിനാണ് വിലയുള്ളത്. "നിങ്ങളുടെ വിലയേറിയ വോട്ടുകൾ" എന്ന് ഉച്ചഭാഷിണിയിലൂടെ നിരന്തരം മുഴക്കുന്നത് അതുകൊണ്ടാണ്. തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ ജയിച്ചവന് മാത്രമാണ് വില! ജനങ്ങൾ ജനപ്രതിനിധികളുടെ മുമ്പിൽ ഒരു വിലയുമില്ലാത്തവരായി ഓച്ഛാനിച്ച് നില്ക്കേണ്ടിവരുന്നു. അങ്ങനെ 'ജനാധിപത്യം' ജനത്തിന്മേലുള്ള ചിലരുടെ ആധിപത്യം മാത്രമാകുന്നു. ഫലം വരുമ്പോൾ തോറ്റവരുടെ നിലവിളികളും തേങ്ങലുകളുമെല്ലാം അപ്രസക്തമാകും, ജയിച്ചവരുടെ അട്ടഹാസങ്ങൾക്ക് മാത്രമാണ് ശബ്ദമുള്ളത്.



ഡൽഹി മുഖ്യമന്ത്രിയായിരുന്ന അരവിന്ദ് കേജ്‌രിവാളിനെ ഡൽഹി മദ്യനയ അഴിമതിക്കേസിൽ സി.ബി.ഐ., ഇ.ഡി. മുതലായ കേന്ദ്ര കുറ്റാന്വേഷണ ഏജൻസികൾ ചേർന്ന് അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചു. രണ്ട് വട്ടം തുടർച്ചയായി ഭരണത്തിലേറി, ഡൽഹി സംസ്ഥാനത്ത് വളരെയധികം ജനക്ഷേമ പ്രവർത്തനങ്ങളും വികസനങ്ങളും നടപ്പാക്കി മുന്നേറിക്കൊണ്ടിരുന്ന ഒരു ഭരണകൂടത്തെ, പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും ഉൾപ്പെടെയുള്ള രാഷ്ട്രീയ എതിരാളികൾ തങ്ങളുടെ ആജ്ഞാനുവർത്തികളായ കേന്ദ്ര അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് മനഃപൂർവം തകർക്കുവാനായി ചമച്ച പദ്മവ്യൂഹമാണ് ഇതെന്ന് ഏതാണ്ട് സകലർക്കും വ്യക്തമായിക്കഴിഞ്ഞു. കേസിലകപ്പെട്ട് ദീർഘനാൾ ജയിലിൽ കഴിയേണ്ടിവന്ന കേജ്‌രിവാൾ മുഖ്യമന്ത്രിയായിരുന്നിട്ടുപോലും അദ്ദേഹത്തിനെതിരെ യാതൊരു തെളിവുകളും നിയമത്തിന്റെ പിൻബലവും ഇല്ലാതെ ജാമ്യം നല്കാനാകാത്ത വകുപ്പുകൾ പ്രകാരം കേസെടുത്ത് ദീർഘനാളുകൾ അഴിക്കുള്ളിലാക്കി! ഇതിനിടെ താൻ രാജിവയ്ക്കേണ്ടിവരികയും തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ തന്റെ പാർട്ടി പരാജയപ്പെടുകയും ഭരണം നഷ്ടമാവുകയും ചെയ്തു.

എന്നാൽ 2026 ഫെബ്രുവരിയിൽ കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കുകയും ആ കേസുകൾ വ്യാജമായി ചമയ്ക്കപ്പെട്ടവയായിരുന്നുവെന്ന് നിരീക്ഷിക്കുകയും അന്വേഷണ ഏജൻസികളെ ശാസിക്കുകയും ചെയ്തു. ഇത്തരം ഒരു അഴിമതി നടന്നതിന് യാതൊരു തെളിവുകളും ഇല്ലെന്ന് വ്യക്തമാക്കി കേസ് നിയമപരമായി നിലനില്ക്കുകയില്ലെന്ന് പ്രഖ്യാപിച്ച് മുഴുവൻ പ്രതികളെയും വെറുതെവിട്ടു. അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് കേന്ദ്രം ഭരിക്കുന്ന പാർട്ടി മനഃപൂർവം നടത്തിയ രാഷ്ട്രീയ പകപോക്കൽ കോടതിക്ക് ബോധ്യമായി. ഇത് കേന്ദ്ര അന്വേഷണ ഏജൻസികൾക്ക് വലിയ തിരിച്ചടിയായിരിക്കുകയാണ്.

വിധി കേട്ട കേജ്‌രിവാൾ പൊതുജനങ്ങൾക്കു മുമ്പാകെ വികാരം നിയന്ത്രിക്കാനാകാതെ പൊട്ടിക്കരഞ്ഞു. ആ കണ്ണീരിന്, മുമ്പ് സൂചിപ്പിച്ച രണ്ട് സ്ഥാനാർത്ഥികളുടെ കണ്ണീരിനേക്കാളും വളരെയേറെ മൂല്യമുണ്ട്. അദ്ദേഹത്തിന് നഷ്ടപ്പെട്ട യശസ്സ്, നേരിടേണ്ടിവന്ന അപമാനം, മാനസിക പീഡ, മുഖ്യമന്ത്രിസ്ഥാനം, ധനനഷ്ടം എന്നിങ്ങനെ എത്രയധികം ക്ലേശങ്ങളാണ് ആ കണ്ണീരിനൊപ്പമുള്ളത്!

കൗശലങ്ങളുപയോഗിച്ചും പൊള്ളയായ വാഗ്ദാനങ്ങൾ നല്കിയും ജനങ്ങളെ കബളിപ്പിച്ച് അവരുടെ വോട്ട് കൈക്കലാക്കി അധികാരം പിടിച്ചെടുത്തവർ തങ്ങളുടെ പക്കലുള്ള എല്ലാ സംവിധാനങ്ങളും പരമാവധി പ്രയോജനപ്പെടുത്തി എതിരാളികളെ തകർക്കുകയോ തുടച്ചുനീക്കുകയോ ചെയ്യുന്നത് പണ്ടുമുതലേ ലോകമെങ്ങും നടമാടുന്ന ക്രൂരതയാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് ഏകദേശം 60 ലക്ഷം യഹൂദന്മാരെ വംശഹത്യ ചെയ്ത ഹിറ്റ്‌ലറും, കംബോഡിയയിൽ 20 ലക്ഷം ജനങ്ങളെ ഉന്മൂലനം ചെയ്ത ഖമ്മർ റോഗ് പ്രസ്ഥാനത്തിന്റെ തലവനായ പോൾ പോട്ടും, സോവിയറ്റ് യൂണിയനിൽ ലക്ഷങ്ങളെ കൊന്നൊടുക്കിയ ജോസഫ് സ്റ്റാലിനും തങ്ങൾ കീഴടക്കിയ ദേശത്തിലെ ജനങ്ങളോട് അത്യന്തം ക്രൂരത ചെയ്ത ജപ്പാൻ സൈന്യവും ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ഗോത്രവിഭാഗങ്ങളെ വംശഹത്യ നടത്തിയ ഏകാധിപതികളായ ഭരണാധികാരികളും എതിരാളികളെ കൊന്നു തീർത്ത ചൈനയിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടവും ലോകമെങ്ങും കോളനികൾ സ്ഥാപിച്ച് അവിടത്തെ ജനതയെ ക്രൂരമായി ഉപദ്രവിച്ച് കൊലപ്പെടുത്തിയ ബ്രിട്ടീഷ് ഭരണാധികാരികളും മറ്റ് യൂറോപ്യന്മാരുമെല്ലാം ചരിത്രത്തിന്റെ ഇടനാഴികളിലെ കരിനിഴലുകളാണ്. അത്തരം കാഠിന്യത്തിന്റെയും ക്രൂരതയുടെയും ഉദാഹരണങ്ങൾ നമ്മുടെ മുമ്പിൽ അനന്തമായി നീളുന്നു.

രാഷ്ട്രീയത്തിന്റെ പേരിലോ മറ്റ് കാരണങ്ങൾ കൊണ്ടോ അധിക്ഷേപവും ഉപദ്രവവും സഹിക്കേണ്ടിവന്ന സ്ഥാനാർത്ഥികളിൽ ചിലരുടെയും രാഷ്ട്രീയ നേതാക്കളുടെയും കണ്ണീർ പൊതുജനത്തിന്റെ ശ്രദ്ധയിൽപ്പെട്ട സംഭവങ്ങളാണ് നാം ചർച്ച ചെയ്തത്. എന്നാൽ ആരുടെയും ശ്രദ്ധയിൽപ്പെടാത്ത നിരപരാധികളായ അനേകലക്ഷം ആളുകളുടെ പീഡയും കണ്ണീരും കാണുകയും അവർക്കുവേണ്ടി എഴുന്നേറ്റ് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ദൈവം സ്വർഗ്ഗത്തിൽ ഉണ്ടെന്ന് തെളിയിച്ചുകൊണ്ട് മിസ്രയീമിൽ അടിമകളായിരുന്ന യിസ്രായേൽ ജനതയെ വിടുവിച്ച് കനാൻ ദേശത്തേക്ക് കൊണ്ടുപോയി അവർക്ക് ആ ദേശം അവകാശമായി നല്കി. അതേ ദൈവം തന്നെയാണ് നമ്മെ പിശാചിന്റെ അടിമത്തത്തിൽനിന്ന് വീണ്ടെടുത്ത് നിത്യജീവൻ നല്കുവാൻ നമ്മുടെ പെസഹാക്കുഞ്ഞാടായി ഭൂമിയിൽ വന്ന് നമുക്കുവേണ്ടി ക്രൂശിൽ മരണം ഏറ്റുവാങ്ങി തന്റെ രക്തം മൂലം എന്നേക്കുമുള്ള വീണ്ടെടുപ്പ് സാധ്യമാക്കിയത്. അവിടുന്ന് നമ്മുടെ കണ്ണുനീർ കണ്ട് മൗനമായിരിക്കുകയില്ല.

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞു: "നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്ക് മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ." (മത്തായി 5:10-12). ഇന്നിപ്പോൾ ഇന്ത്യയുടെ അനേകം സംസ്ഥാനങ്ങളിലും ലോകത്തിലെ മറ്റ് അനേകം രാജ്യങ്ങളിലും ക്രിസ്തുവിന്റെ ശിഷ്യന്മാർ ദൈവവചനം നിമിത്തം പീഡിപ്പിക്കപ്പെടുകയും കള്ളക്കേസുകളിൽ കുടുങ്ങി ജയിലറകളിൽ കഴിയുകയും കൊല്ലപ്പെടുകയും ചെയ്യുന്നുണ്ട്. എങ്കിലും, "പത്ത് ദിവസം നിങ്ങൾക്ക് ഉപദ്രവം ഉണ്ടാകും, മരണപര്യന്തം വിശ്വസ്തനായിരിക്കുക, എന്നാൽ ഞാൻ ജീവകിരീടം നിനക്ക് തരും" (വെളി. 2:10) എന്ന് ക്രിസ്തു നമ്മോട് വാഗ്ദത്തം ചെയ്യുന്നു. കേവലം 5 വർഷത്തേക്ക് എം.എൽ.എ-യോ എം.പിയോ മന്ത്രിയോ ആക്കാമെന്നതല്ല ക്രിസ്തുവിന്റെ വാഗ്ദത്തം, പ്രത്യുത ജീവകിരീടമാണ്!

മതം മാറിയാൽ പട്ടികജാതി പദവി....

(1-ാം പേജ് തുടർച്ച)

ലോ റിപ്പോർട്ട് ചെയ്യുന്നു.

ആന്ധ്രാപ്രദേശ് ഹൈക്കോടതിയുടെ മുൻ വിധി ശരിവെച്ചുകൊണ്ടാണ് സുപ്രീം കോടതിയുടെ ഈ തീരുമാനം. ക്രിസ്തുമതം സ്വീകരിക്കുകയും പാസ്റ്ററായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ചിന്താധ ആനന്ദ് എന്ന വ്യക്തി സമർപ്പിച്ച ഹർജി പരിഗണിക്കവെയായിരുന്നു വിധി. തന്നെ മർദ്ദിച്ചവർക്കെതിരെ എസ് സി/എസ് ടി നിയമപ്രകാരം കേസ് എടുക്കണമെന്നായിരുന്നു ഇയാളുടെ ആവശ്യം. എന്നാൽ, ഇയാൾ മതം മാറി പാസ്റ്ററായി ജോലി ചെയ്യുന്നതിനാൽ എസ് സി പദവിക്ക് അർഹതയില്ലെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതി എഫ്.ഐ.ആർ റദ്ദാക്കിയിരുന്നു. ഈ വിധിയാണ് സുപ്രീം കോടതി ഇപ്പോൾ ശരി വച്ചിരിക്കുന്നത്.

ജാതി സർട്ടിഫിക്കറ്റ് കൈവശമുണ്ടെന്നത് ഇത്തരം കേസുകളിൽ ആനുകൂല്യം ലഭിക്കാൻ മതിയായ കാരണമല്ലെന്ന് കോടതി നിരീക്ഷിച്ചു. ജാതി വിവേചനങ്ങൾ അംഗീകരിക്കാത്ത മതങ്ങളിലേക്ക് മാറുന്നതോടെ സാമൂഹികമായ ആ പദവി സ്വയം ഇല്ലാതാകുകയാണ്. അതിനാൽ തന്നെ എസ് സി/എസ് ടി നിയമപ്രകാരമുള്ള പ്രത്യേക സംരക്ഷണത്തിന് ഇവർക്ക് അർഹതയുണ്ടാവില്ലെന്നും ജസ്റ്റിസ് ഹരിനാഥിന്റെ ഹൈക്കോടതി വിധി ഉദ്ധരിച്ചുകൊണ്ട് സുപ്രീം കോടതി വ്യക്തമാക്കി.

ക്രൈസ്തവർക്ക് നേരെ 747 അക്രമ സംഭവങ്ങൾ: ഇഎഫ്ഐ റിപ്പോർട്ട്

(1-ാം പേജ് തുടർച്ച)

ക്കും വിശ്വാസികൾക്കും നേരെയുള്ള ഭീഷണികൾ, മതപരിവർത്തന ആരോപണങ്ങളുമായി ബന്ധപ്പെട്ട വ്യാജ പരാതികൾ, ബല പ്രയോഗത്തിന്റെയും ശാരീരിക അക്രമത്തിന്റെയും സംഭവങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ക്രൈസ്തവർക്ക് നേരെ ഏറ്റവും കൂടുതൽ അക്രമസംഭവങ്ങൾ ഉത്തർപ്രദേശിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൊട്ടുപിന്നാലെ ഛത്തീസ്ഗഢ്. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന കേസുകൾ സ്ഥിരീകരിക്കപ്പെട്ട സംഭവങ്ങളാണെന്നും ഭയം, സാമൂഹിക സമ്മർദ്ദം അല്ലെങ്കിൽ നിയമപരമായ പരിഹാരങ്ങൾക്കുള്ള പരിമിതി എന്നിവ മൂലം നിരവധി കേസുകൾ ഉൾപ്പെട്ടിട്ടുണ്ടാകുമെന്നും ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ വ്യക്തമാക്കി.

RE LOCATE TO DALLAS FOR YOUR DREAM HOUSE !!!

CALL REALTOR
MATHEW C. SAMUEL

SFR, ABR, SRES, SRS, GRI, AHWD
469 258 8118 - cell
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234



Tel: 9724846644, msamuel7@yahoo.com,
www.beamrealestate.com

ചെന്നൈയിൽ മലയാളം ആരാധന



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ
മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും
നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
Chromepet Chennai - 44
SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

Phone - 22411060, Mob: 9382599333

MM52/26 Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

Phone father: +919447008566
Mother: +919446867777

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM51/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി. എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8301892407, 8330814516

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM50/26 യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM49/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM48/26 മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM47/26 നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9645681023, 7025423796

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM46/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM45/26 Upper-middle-class Syrian Christian Pentecostal parents invite proposals for their son, Dob: 03/09/1988, 165 cm B. Tech (CS). Currently an IT Manager at Consumerfed, Ernakulam. The groom has a fair complexion, belongs to the Church of God and hails from Konni. He is looking for a God-fearing, baptized, educated, and family-oriented bride.

Ph. +919495026157

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM44/25 Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications- Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

WhatsApp +9181130 34181 or email ptk0371@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM43/25 മുതിർന്ന പൗരൻ (Senior Citizen) 70 വയസ്സ്, ഭാര്യ മരിച്ചു പോയതും, സ്വന്തമായി സാമ്പത്തീക ഭദ്രതയും, തനിച്ചു പാർക്കുന്നതുമായ പത്തനംതിട്ട ജില്ലയിലുള്ള പെന്തെക്കോസ്ത് വിശ്വാസിക്ക് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിവാഹം കഴിപ്പിച്ചയച്ച രണ്ടു മക്കൾ കുടുംബമായി അമേരിക്കയിൽ പാർക്കുന്നു. താല്പര്യമുള്ളവർ വിധവകളോ അവിവാഹിതരോ ആയിട്ടുള്ള 55 വയസ്സിനു മുകളിൽ പ്രായമുള്ളതും പെന്തെക്കോസ്ത് വിശ്വാസിയോ വിശ്വാസസ്നാനം സ്വീകരിച്ച് പെന്തെക്കോസ്തു സഭയോട് ഐക്യപ്പെടുവാൻ താൽപ്പര്യം ഉള്ള സുറിയാനി ക്രൈ



സ്തവ വിഭാഗത്തിൽ പെട്ടവരോ ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് Whatsaap number ൽ ബന്ധപ്പെടുക.

Phone : 8848760685

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM42/25 Syrian Chrstian Pentacostal girl 36, 5"2" (20.4.1989) M.Sc Nurse working (associate professor) seeking suitable alliance

Ph: 7025528037

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM41/25 Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

Ph: 9444951080, 9382599333
ckreji@gmail.com, ckreji@hotmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM40/25 Syrian Christian Pentecostal parents (Govt. Employed) invite suitable proposals for their daughter, 26,(DOB-28/12/1998), 167cm, fair, MA(Eng. Lit), B Ed. and presently pursuing Bank/ Govt.tests,from parents of employed Pentecost boys.

Mob-9446909546, 9400751030.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM38/25 പെന്തെക്കോസ്തു വിശ്വാസിയായ മിശ്രവിവാഹിതരുടെ മകൾ 27 വയസ്സ്. M.Com (M. N.C. Deloit Hydarabad) അനുയോജ്യമായ വിവാഹാലോചനകൾ രക്ഷിതാക്കളിൽ നിന്ന് ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447579497, 9447863308

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM37/25 Syrian Christian Pentecostals parents from Kozhanchery, invite proposal for their son 34, 178cm, MSc Biotechnology, working at Bangalore. Innocent divorcee. Seeking suitable alliance from spiritual and educated girls from India or abroad.

Ph. +91 98471 86700, 9656223322, 8281150000

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM36/25 Syrian Christian Pentacostal parents, Kottayam, invite proposal for there son 28, DOB 11-2-1997. 170cm. Completed Bachelors and currently working as Automobile Diagnostic Technician at Kottayam. Seeking Suitable alliances from Spiritual and Professional qualified girls from India or Abroad.

Ph: 6238231410

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM28/25 Associate Pastor& Worship Leader (Nadar Christian) 26 Years (09.04.1999), 6.1. Proposal invited from parents of suitable girls.

Ph: 8943619818

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM15/25 Pentecostal boy, 6 March 1993, 180cm, Masters of Engineering in Engineering Management, born and brought up in gulf, born again, baptized and God fearing, schooling in a British curriculum International school Dubai, working as a senior Application engineer and is based in Dubai. Looking for a born again, baptised, non ornamental, God fearing, Pentecostal girl.

+971529165874
usha25elizabeth@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM18/25 ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (Age 42, Hight 179, B.A Sociology, B.Th, Dip. Mission., BA. in Ministry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.

9847683343

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM19/25 Syrian Christian Pentecostal Parents Invite Proposal For Their Son.DOB. 22.9.1995. 170 c.m MBBS, Doctor. Currently Working as a Resident Medical Officer At Private Hospital. Prayerfully Seeking Suitable Alliances From Spiritual And Professional Qualified Girls From India or Abroad.

Ph: 918547317844, 9446977844

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM20/25 Christian pentecostal (syrian) parents are inviting proposal for their daughter, who is God-fearing, born again, baptized girl (27 / 159 cm / B.Tech, MBA) currently working as Technology Analyst/Functional consultant, MNC project in Europe. Seeking suitable proposals from parents of God fearing, spiritual, and professionally qualified boys preferably abroad. Please respond with photos and details to our whatsapp number

Ph: 9567695887, +965 6908 9839

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM21/25 ഓർത്തഡോക്സ് യുവാവ്, 11-07-1989, 5.8, 65 kg, White, ITA, Aluminium Fabrication, ഷാർജയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

9491153615 (Whatsapp)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM23/25 Missionary calling girl US citizen DOB 11/2001 graduating from University July 2025 Bachelor of science in Healthcare Administration, born in Kerala and raise up in Middle East, migrated to US 2018. Looking for a suitable boy with Missionary calling. Preference those who have taken Vision school or working for Mission organizations like Intercp International, Ywam, OM etc. Please forward the resume with Picture to whatsapp :

Ph: + 1 8325745019

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM24/25 Syrian Christian Pentecostal (TPM) parents invite proposals for their daughter, 19.11.-1998, 154cm, Doctor (MBBS.MD. STUDIED AT TBILISI (GEORGIA). Seeking alliance from parents of born again and qualified boys.

+919495077771, +971506469508, +971561844937

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM25/25 സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 35 (21/03/1990), 165 cm, 75 kg, B.Sc Nurse, സൗദി അറേബ്യയിലെ റിയാദിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. ഇൻഡിപെൻഡൻസ് സഭാംഗമാണ്. ആഭരണം ധരിക്കും.

Ph: 91 96567 51020

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101
www.maruppacha.com

മരുപ്പച്ച
സമകാലിക പത്രിക
ഏപ്രിൽ 05, 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 05 - 04 - 2026

അപ്പൊസ്തലന്മാരുടെ പാദങ്ങൾ പതിഞ്ഞ ദീപുകളിലൂടെ സഞ്ചാരം!

ക്രേത്ത – കുപ്രോസ് – മെലിത്ത

CRETE – CYPRUS – MALTA

9 പകലുകൾ
8 രാത്രികൾ

- അപ്പോസ്തലനായ പൗലോസിന്റെ മിഷനറി സഞ്ചാരപഥം.
- വിശുദ്ധന്മാരായ മർക്കോസ്,
- ബർന്നബാസ്, ലാസർ,
- തിമോഥി, തീത്തോസ് തുടങ്ങിയവരുടെ പ്രേഷിത ഭൂമിക!
- ആദിമ വിശുദ്ധന്മാരുടെ ദീപുകൾ
- പുതിയ നിയമത്തിലെ ദീപുകൾ



the Olive Way TOURS

91 9961720195
9961103983
olivewaytours@yahoo.com

Shaji Samuel
CPA



shajisamuel.cpa
info@shajisamuel.cpa

Shaji Samuel, CPA

Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports

2435 N Central Expy, Ste 1277
Richardson, TX 75080
+1 469 782 4423




Explore

CHINA
HONG KONG &
MACAU

12 NIGHTS 13 DAYS

the Olive Way TOURS
+1 914 349 3978, 9961720195
olivewaytours@yahoo.com



Golden Age Of Spices And Trade

6രാത്രികൾ
7പകലുകൾ

കേരള
ജൂത-ക്രിസ്ത്യൻ
ഹെറിറ്റേജ് ടൂർ

തോമാ ശ്ലീഹായുടെ സഞ്ചാരപഥത്തിലൂടെ

EZHARAPPALLIKAL
- MALIANKARA
- PALAYOOR
- KOKKAMANGALAM
- KOTTAKKAVU
- NIRANAM
- KOLLAM
- NILACKAL
- ARAPPALLI

Melting pot of world cultures
Muziris Pattanam

Romans-Jews And Christians Of 1st Century A.D.

സവിശേഷതകൾ
- പ്രാചീന കാലത്തെ ചരിത്രമുറങ്ങുന്ന ക്രൈസ്തവ ദേവാലയങ്ങൾ, ജൂതപള്ളികൾ
- പുരാവസ്തുവിദ്യാന്വേഷണം നടക്കുന്ന പ്രദേശങ്ങൾ
- മനോഹരമായ ബീച്ചുകൾ മുതലായ അനേകം ഇടങ്ങൾ കാണുവാൻ അവസരം.
- കൂടാതെ, ബോട്ട് യാത്രകൾ, വനത്തിലൂടെയുള്ള ഉല്ലാസയാത്രകൾ മുതലായ മറ്റ് അനേകം സവിശേഷതകളും.
- ലക്ഷ്വറി ഹോട്ടലുകളിൽ താമസം. • മുന്ന് നേരവും ഭക്ഷണം.
- വിദേശികൾക്കായി പ്രത്യേകം പായ്ക്കേജുകൾ
- എല്ലാ യാത്രകൾക്കും സൈറ്റ് സീയിംഗിനും എയർകണ്ടീഷൻ ചെയ്ത വാഹനങ്ങൾ
- ഡൈവിന്റെ സേവനം.

വിശുദ്ധ തോമാശ്ലീഹാ സ്ഥാപിച്ചതെന്ന് കരുതപ്പെടുന്ന ഏഴര പള്ളികളായ മാലുങ്കര, പാലയൂർ, കോക്കമംഗലം, കോട്ടക്കാവ്, നിരണം, കൊല്ലം, നിലയ്ക്കൽ, തിരുവിതാംകോട് എന്നിവിടങ്ങൾ



HIGHLIGHTS
- EARLY CHURCHES
- SYNEGOGUES
- ARCHEOLOGICAL SITES
- BEACHES
- FOREST AND MORE....

the Olive Way TOURS
olivewaytours@yahoo.com
+91-99617-20195
+91-99611-03983

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.